# STD - II

## അദ്ധ്യാപക സഹായി

## പാഠം - പത്ത്    ഈശോ നമുക്കായി മരിച്ചു    ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്. ഈശോയ്ക്കുവേണ്ടി പാപം ചെയ്യാതെ ഞാൻ ജീവിക്കും. ഈശോയെ ഞാൻ സ്നേഹിക്കും.

### പഠനസഹായികൾ

* You Tube video - വിശുദ്ധ മാക്സ്മില്ല്യൻ കോൾബെ
* You Tube Video - യേശുവിന്റെ മരണം - Passion of the Christ
* ഈശോയുടെ കുരിശിന്റെ വഴിയിലെ പീഡാസഹനചിത്രങ്ങൾ
* വചനം . ലൂക്കാ. 23:44-49 (യേശുവിന്റെ മരണം)
* വചനം: മർക്കോ. 8:34

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു, ഉപമകൾ പഠിപ്പിച്ചു, രോഗശാന്തി നൽകി. ധാരാളം പേർ ഈശോയിൽ വിശ്വസിച്ചു.
* ഈശോയെ ജനങ്ങൾ രാജാവാക്കുമെന്ന് യഹൂദപുരോഹിതന്മാരും ജനപ്രമാണികളും ഭയപ്പെട്ടു.
* പകയും വിദ്വേഷവും മൂലം യഹൂദ പുരോഹിതന്മാരും ജനപ്രമാണികളും ഈശോയെ വധിക്കുവാൻ തീരുമാനിച്ചു.
* ഈശോയുടെ ശിഷ്യനായിരുന്ന യൂദാസ് സ്കറിയോത്താ, 30 വെള്ളിക്കാശിന്, സ്വന്തം ഗുരുവായ ഈശോയെ ഒറ്റിക്കൊടുത്തു.

### പ്രാർത്ഥന

കാരുണാമയനായ ദൈവമേ, പാപം ചെയ്യാതെ ജീവിച്ചുകൊണ്ട്, ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി കുരിശ് മരണം വരിച്ച അങ്ങയുടെ പുത്രനെ നിത്യവും സ്നേഹിക്കുവാൻ വേണ്ട കൃപ നൽകി അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. ഈശോ കുരിശിൽ മരിച്ചത് ആർക്കുവേണ്ടിയാണ്?
2. ഈശോയെ സ്നേഹിക്കുക എന്നതിന്റെ അർത്ഥമെന്ത്?
3. ഈശോയെ ഒറ്റിക്കൊടുത്തത് ആര്?
4. എത്ര കാശിനാണ് ഈശോയെ ഒറ്റിക്കൊടുത്തത്
5. ഈശോയെ കൊല്ലാൻ ഗൂഢതന്ത്രങ്ങൾ ആലോചിച്ചതാര്?

# STD - II

## അദ്ധ്യാപക സഹായി

## പാഠം - പത്ത്    ഈശോ നമുക്കായി മരിച്ചു    ഭാഗം - രണ്ട്

### ലക്ഷ്യം

നാം ചെയ്ത പാപങ്ങളുടെ പരിഹാരത്തിനുവേണ്ടിയാണ് ഈശോ കുരിശിൽ മരിച്ചത്. കുരിശ് സ്നേഹത്തിന്റെയും സഹനത്തിന്റെയും അടയാളമാണ്. ഈശോ ജീവൻ തന്ന് നമ്മെ സ്നേഹിച്ചു. പാപം ചെയ്ത് ഈശോയെ ഞാൻ വേദനിപ്പിക്കില്ല. തെറ്റുകൾ ചെയ്യാതെ നല്ല കുട്ടികളായി ജീവിക്കും.

### പഠനസഹായികൾ

* വചനം: യോഹ. 10:11; യോഹ. 3:16,17 (ഈശോ നമ്മുടെ രക്ഷയ്ക്കായി മരിച്ചു).
* ഈശോയുടെ പീഡാനുഭവ ചിത്രങ്ങൾ
* യൂ-ട്യൂബ് വീഡിയോ ക്ലിപ്പ് - ഈശോ കുരിശിൽ മരിച്ചുകിടക്കുന്നതിന്റെ
* മരക്കുരിശ്
* വിശ്വാസപ്രമാണം - CCC Page No:51, CCC - 194

### പാഠത്തിന്റെ ഉള്ളടക്കം

* ശത്രുക്കൾ ഇല്ലാത്ത കുറ്റങ്ങൾ ചുമത്തി ഈശോയെ മരണത്തിനു ഏൽപ്പിച്ചുകൊടുത്തു.
* മരണത്തിനു വിധിക്കപ്പെട്ട ഈശോയെ ചമ്മട്ടി കൊണ്ടടിച്ചു. മുഖത്തു തുപ്പി, മുൾക്കിരീടം ധരിപ്പിച്ചു.
* ഭാരമുള്ള കുരിശും ചുമന്ന് ഈശോ ഗാഗുൽത്താ മലയിലേക്ക് നടന്നു.
* കൈകാലുകളിൽ കാരിരുമ്പാണികൾ അടിച്ചുകയറ്റി ഈശോയെ കുരിശിൽ തറച്ചു.
* ഇശോയുടെ ഇടതും വലതും രണ്ടു കള്ളന്മാരേയും കുരിശിൽ തൂക്കി.
* ഈശോയുടെ കുരിശിനു മുകളിൽ "യഹൂദരുടെ രാജാവായ നസ്രത്തുകാരൻ ഈശോ" (യോഹ. 19:19) എന്ന് എഴുതിവച്ചു.
* ഈശോ ക്ഷമയുടെ മാതൃക: കുരിശിൽ കിടന്നുകൊണ്ട് തന്നെ ദ്രോഹിച്ചവർക്കു വേണ്ടി ഈശോ പ്രാർത്ഥിച്ചു. "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കണമേ."
* ഈശോ കുരിശിൽ കിടന്നു മരിച്ചു. ആദ്യത്തെ ദുഃഖവെള്ളി

* നാം ചെയ്ത പാപങ്ങളുടെ പരിഹാരത്തിനുവേണ്ടിയാണ് ഈശോ പീഡകൾ സഹിച്ചത്.
* നാം ചെയ്യുന്ന ഓരോ പാപവും ഈശോയെ വേദനിപ്പിക്കുന്നു.
* നമുക്കു പാടാം - പാപികൾ നമ്മൾക്കു രക്ഷയേകാൻ
* വിശ്വാസപ്രമാണം - (അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം)
* ഞാൻ മറ്റുള്ളവരെ ഒരിക്കലും വേദനിപ്പിക്കില്ല. ശത്രുക്കളെ സ്നേഹിക്കും.

## പ്രാർത്ഥന

സ്വന്തംജീവൻ നൽകി എന്നെ സ്നേഹിച്ച ഈശോയേ, അങ്ങയെയും, മറ്റുള്ളവരെയും സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. സ്നേഹത്തിന്റെയും സഹനത്തിന്റെയും അടയാളമെന്താണ്?
2. എന്തിനുവേണ്ടിയാണ് ഈശോ പീഡകൾ സഹിച്ചത്?
3. നാം എന്തുചെയ്താലാണ് ഈശോ വേദനിക്കുന്നത്?
4. ഈശോയ്ക്ക് നാം എന്തുചെയ്യുന്നതാണ് ഇഷ്ടം?
5. വിശ്വാസപ്രമാണം ചൊല്ലുക.